**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**2019 ജൂൺ 14, വെള്ളി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം : 2331**
**ശ്രീ. എൽദോ എബ്രഹാം**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനസർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ എന്നിവ കൂടി പരിഗണിച്ച് ആർ.എഫ്.പി (REQUEST FOR PROPOSAL) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 01.01.2019-ന് ഇ-ടെണ്ടർ (Tender ID 2019_FIN_258705_1) ആയി ആർ.എഫ്.പി പരസ്യപ്പെടുത്തുകയും ചെയ്തു.മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.04.2019-ലെ 49/2019/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി . |
| ബി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് അറിയിക്കാമോ; | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സാ ആനുകൂല്യം ലഭിക്കുന്നതാണ് . |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ചികിത്സാ ആനുകൂല്യത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരമുള്ള ഡേ കെയർ ചികിത്സാ പ്രകിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും പ്രതിവർഷം **രണ്ട് ലക്ഷം രൂപ** നിരക്കിൽ അടിസ്ഥാന പരിരക്ഷ.<br>അധിക പരിരക്ഷ – പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയയുൾപ്പെടെയുള്ള ഗുരുതര ചികിത്സാ പ്രക്രിയകൾക്ക് 3 വർഷത്തെ ബ്ലോക്ക് പിരീഡിലേക്ക് ഓരോ കുടുംബത്തിനും അടിസ്ഥാന പരിരക്ഷയ്ക്ക് പുറമേ പരമാവധി 6 ലക്ഷം രൂപയുടെ കൂടി അധിക പരിരക്ഷ.<br>മേൽ സൂചിപ്പിച്ച അധിക പരിരക്ഷയിലും ചികിത്സാ ചെലവ് അധികരിക്കുന്ന പക്ഷം ഇൻഷ്വറൻസ് കമ്പനി പ്രതിവർഷം 25 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ (മൂന്ന വർഷത്തെ പോളിസി കാലയളവിനകത്ത്) നിശ്ചിത ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്. |

**അക്കൗണ്ട്സ് ഓഫീസർ**